**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** **04-03-2025 - ൽ മറുപടിയ്ക്ക്**

**മൂന്നാർ ഫ്ലൈ ഓവർ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാറിൽ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കിഫ്ബി മുഖേന നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയ മൂന്നാർ ഫ്ലൈ ഓവർ റോഡിന്റെ നിർമ്മാണത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | മൂന്നാർ ഫ്ലൈ ഓവർ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017 ലെ സർക്കാർ ഉത്തരവ് നമ്പർ GO (Rt) No. 942/2017/PWD പ്രകാരം KRFBയെ നിർവഹണ ഏജൻസിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ KRFB വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുകയും, തുടർന്നു കിഫ്ബിയും KRFBയും ചേർന്ന് പദ്ധതി പ്രദേശത്തു സംയുക്ത സ്ഥല പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് KRFB ക്ക നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം KRFB പുതുക്കിയ പദ്ധതി രേഖ സമർപ്പിക്കുന്ന മുറയ്ക്ക്, ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതുമൂലം രൂക്ഷമായ ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിലുള്ള ഗതാഗത തടസ്സം പരിഹരിക്കുന്നതിന് മൂന്നാർ ടൗണുമായി ബന്ധപ്പെട്ട് മൂന്നാർ ജംഗ്ഷൻ വികസനം, മൂന്നാർ ഫ്ളൈഓവർ ബൈപ്പാസ് റോഡ് എന്നീ പ്രവൃത്തികളാണ് പരിഗണനയിലുള്ളത്. ആയത് സംയോജിപ്പിച്ച് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നു KRFB അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ